**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346** | **06-03-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നുവോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നിയോഗിച്ചിരുന്നു. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിച്ചു വരുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പു വരുത്തുന്ന തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന തിനുമായി മാനേജ്മെന്റ്-അക്കാദമിക രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി അഞ്ചംഗ വിദഗ്ധ സമിതി 13.10.2022 ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം.1111/2022,/112 പ്രകാരം രൂപീകരിച്ചിരുന്നു. തുടർന്ന് പ്രസ്തുത സമിതി കശുവണ്ടി വ്യവസായ മേഖലയിലെ വിവിധ തൊഴിലാളി സംഘടനകൾ, കശുവണ്ടി ഫാക്ടറി ഉടമകൾ, ബാങ്ക് പ്രതിനിധികൾ, പൊതുമേഖലാ സ്ഥാപന പ്രതിനിധികൾ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ആവിഷ്കരിച്ചിട്ടുണ്ട്. **കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വ്യവസായത്തെ കൈപിടിച്ച് ഉയർത്തു ന്നതിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ** |

| | | | |
|---|---|---|---|
| | | | **ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) പ്രഖ്യാപിക്കുന്നതിനായി ഫോർമുല രൂപീകരിക്കുന്നതിന് മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഈ സർക്കാർ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയനുകളുമായും വിവിധ തലങ്ങളിൽ നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും വ്യവസായികളുമായി സമവായത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ OTS പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം മുൻനിർത്തി ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി 31.03.2022 ൽ നിന്നും 31.12.2022 ആയി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.**<br><br>**സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനും പരിപോഷിപ്പിക്കുന്ന തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 37 കോടി രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരി മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കു ന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപയുമാണ് 2022-23 വർഷത്തെ ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്.** |
| (സി) | സ്വകാര്യ മേഖലയിലെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | തുക അനുവദിച്ചിട്ടുണ്ട്. **കോവിഡ് മഹാമാരിയെ തുടർന്ന് ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധന സഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണ ത്തിനുമായി 7 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നു. തുടർന്ന് പ്രസ്തുത തുക റിലീസ് ചെയ്ത് സ.ഉ(സാധാ)നം.143/2023/വ്യവ തീയതി** |

| | | | |
|---|---|---|---|
| | | | 17.02.2023 പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾ 2020 മുതൽ സ്ഥാപിച്ച അധിക യന്ത്ര സാമഗ്രികൾ, കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്ക് മൂലധന ഗ്രാന്റായി പൊതുവിഭാഗത്തിന് പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. എസ്.സി/എസ്.റ്റി, വനിതകൾക്കും 18നും 45നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കും അംഗപരിമിതരുമായ സ്വകാര്യ ഫാക്ടറി ഉടമകൾക്ക് പരമാവധി 50 ലക്ഷം രൂപ വരെ നൽകുന്നതിനും അതുവഴി ഉൽപ്പാദനക്ഷമതയും, വിറ്റുവരവും ഗണ്യമായി മെച്ചപ്പെടുത്തുവാനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾ ഇപ്പോൾ പ്രവർത്തിക്കുന്നതും കഴിഞ്ഞ വർഷം പ്രവർത്തന മൂലധനമായി ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴി വായ്പ കൈപ്പറ്റിയതുമായ യൂണിറ്റുകൾക്ക് പലിശ താങ്ങുസഹായവും നൽകുന്നു. വായ്പയ്ക്ക് പലിശയുടെ 50% അഥവാ പരമാവധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് നൽകുന്നത്. പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി റീ-ഇംപേഴ്മെന്റ് എന്ന നിലയ്ക്കാണ് സഹായം നൽകുന്നത്. പരമാവധി 3 വർഷം വരെ അർദ്ധ വാർഷികമായി പണം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ